പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 4622

18.05.2017 - ൽ മറുപടിക്ക്

## കാട്ടാക്കട കേന്ദ്രമായി സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങി പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൃത്യമായി നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തു പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിൽ 57 മൊബൈൽ ത്രിവേണികൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. പാവപ്പെട്ടവരും, സാധാരണക്കാരും കൂടുതലായി തിങ്ങിപാർക്കുന്ന ആദിവാസി മേഖല, തീരദേശ മേഖലകളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം ലഭ്യമാകത്തക്ക രീതിയിൽ സ്ഥലത്തെ ജനപ്രതിനിധികളുമായി ആലോചിച്ചിട്ടാണ് ഇവയുടെ റൂട്ട് നിശ്ചയിച്ചു വരുന്നു. |
| (ബി) | കാട്ടാക്കട കേന്ദ്രമായി ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കാട്ടാക്കട നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ നിലവിൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ